**പതിനാലാം കേരള നിയമസഭ**
**പതിനാറാം സമ്മേളനം**

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.**1618** **01.11.2019 ൽ** മറുപടിക്ക്

**പശു, ആട്, കോഴി ഫാമുകൾക്ക് അടച്ചുപൂട്ടൽ നോട്ടീസ്**

| ചോദ്യം | | മറുപടി |
|---|---|---|
| **ശ്രീ.പാറക്കൽ അബ്ദുല്ല** | | **എ.സി. മൊയ്തീൻ**<br>**(തദ്ദേശ സ്വയംഭരണ വകുപ്പ് മന്ത്രി)** |
| എ | പശു, ആട്, കോഴി ഫാമുകളെ തദ്ദേശസ്വയംഭരണ വകുപ്പ് അസഹ്യവും ആപൽക്കരവുമായ വിഭാഗമായി ഉൾപ്പെടുത്തിയതിനാൽ സംസ്ഥാനത്ത് 2000 ഫാമുകൾക്ക് അടച്ചുപൂട്ടൽ നോട്ടീസ് നൽകിയിട്ടുണ്ടോ; | എ) സംസ്ഥാനത്ത് 62 ഫാമുകൾക്ക് പഞ്ചായത്ത് വകുപ്പിൽ നിന്നും അടച്ചുപൂട്ടൽ നോട്ടീസ് നൽകിയിട്ടുണ്ട്. നഗരസഭകളുടെ വിവരം ശേഖരിച്ച് നൽകുന്നതാണ്. |
| ബി | പശു വളർത്തുന്ന സ്ഥലവും സമീപത്തെ വീടുകളുമായി പാലിക്കേണ്ട ദൂരപരിധി ക്വാറികളുടേതിന് തുല്യമായാണോ നിശ്ചയിച്ചിട്ടുള്ളത്; | ബി) അല്ല, കേരള സംസ്ഥാന മലിനീകരണ നിന്ത്രണ ബോർഡിന്റെ 31.08.2016 ലെ പിസിബി/റ്റി4/115/1997(2) നമ്പർ സർക്കുലർ പ്രകാരം ക്ലാസ് I തരത്തിൽപ്പെട്ട ഫാമുകൾക്ക് വീടുകളിലേയ്ക്കും സ്ഥാപനങ്ങളിലേയ്ക്കുമുള്ള കുറഞ്ഞ ദൂരപരിധി 10 മീറ്ററും ക്ലാസ് II - IV വരെയുള്ള ഫാമുകൾക്ക് കുറഞ്ഞ ദൂരപരിധി 25 മീറ്ററും ക്ലാസ് V-VI വരെയുള്ള ഫാമുകൾക്ക് 50 മീറ്റർ ദൂര പരിധിയുമാണ് നിശ്ചയിച്ചിട്ടുള്ളത്. സാംക്രമിക രോഗങ്ങളും പകർച്ചാവ്യാധികളും പടർന്നു പിടിക്കാതിരിക്കാനാണ് ദൂരപരിധി പാലിച്ചു വരുന്നത്. |
| സി | ചുരുങ്ങിയത് 5 പശു, 20 ആട്, 25 മുയൽ, 100 കോഴി എന്നിവ വളർത്തുന്നവർ പോലും ചട്ടമനുസരിച്ച് ആപൽക്കരമായ ജോലി ചെയ്യുന്നവരാണോ; എങ്കിൽ വിശദാംശങ്ങൾ നൽകുമോ; | സി) 2012 ലെ കേരള പഞ്ചായത്ത് രാജ് ലൈവ് സ്റ്റോക്ക് ഫാമുകൾക്ക് ലൈസൻസ് നൽകൽ ചട്ടങ്ങളിലെ ചട്ടം 3(1) പ്രകാരം 5 പശു, 20 ആട്, 25 മുയൽ, 100 കോഴി എന്നിവയിൽ കൂടുതൽ മൃഗങ്ങളേയോ, പക്ഷികളേയോ വളർത്തുന്നതോ അഥവാ വളർത്താൻ ഉദ്ദേശിച്ചുകൊണ്ടുള്ളതോ, ആയ ഒരു ലൈവ് സ്റ്റോക്ക് ഫാം സ്ഥാപിയ്ക്കുന്നതോ നടത്തിക്കൊണ്ട് പോകുന്നതോ, 1994-ലെ പഞ്ചായത്ത് രാജ് ആക്റ്റ് 232-ാം വകുപ്പ പ്രകാരം ഗ്രാമപഞ്ചായത്തിന്റെ ലൈസൻസ് ആവശ്യമായ ഒരു പ്രവർത്തിയായിരിയ്ക്കുന്നതാണ് |

| | | |
|---|---|---|
| | | എന്ന് വ്യവസ്ഥ ചെയ്തിട്ടുണ്ട്. ഈ ആവശ്യത്തിന് നഗരസഭകളും ലൈസൻസ് നൽകി വരുന്നു. |
| ഡി | ചെറുകിട വ്യവസായമെന്ന നിലയ്ക്ക് ഈ മേഖലയിലേക്ക് തിരിയുന്നവരെ പിന്തിരിപ്പിക്കാൻ മാത്രമേ ഇത്തരം വ്യവസ്ഥകൾ സഹായകമാവൂ എന്ന് സർക്കാർ പരിശോധിച്ചിട്ടുണ്ടോ; | ഡി) പരിശോധിച്ചിട്ടുണ്ട് |
| ഇ | എങ്കിൽ 2012-ലെ ചട്ടങ്ങളിൽ ഭേദഗതി വരുത്തി ഈ വ്യവസായ-ങ്ങളെ പ്രോൽസാഹിപ്പിക്കാൻ സർക്കാർ നടപടി സ്വീകരിക്കുമോ? | ഇ) 2012 ലെ കേരള പഞ്ചായത്ത് രാജ് (ലൈവ്സ്റ്റോക്ക് ഫാമുകൾക്ക് ലൈസൻസ് നൽകൽ) ചട്ടങ്ങളിലെ ചട്ടം 4(2) ഭേദഗതി ചെയ്യുന്ന വിഷയം സർക്കാർ പരിശോധിച്ച് വരുന്നു. |

**സെക്ഷൻ ഓഫീസർ**